# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **389**

28-05-2019 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം പദ്ധതിയുടെ കരാർ അവസാനി ച്ചിട്ടുണ്ടോ; | (എ) കരാർ അവസാനിച്ചിട്ടില്ല. 2015 ആഗസ്റ്റ് 17 ന് സർക്കാരും അദാനി കമ്പനിയുമായി ഒപ്പുവച്ച കൺസഷൻ കരാർ പ്രകാരം 2019 ഡിസംബർ 3 ന് ഒന്നാം ഘട്ടം കമ്മീഷൻ ചെയ്യാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. 2015 ഡിസംബർ 5 മുതലുള്ള 40 വർഷത്തേക്ക് തുറമുഖം നിർമ്മിക്കാനും പ്രവർത്തിപ്പിക്കുവാനുമാണ് കരാർ നൽകിയിട്ടുള്ളത്. |
| (ബി) ആദ്യകരാർ കാലയളവ് പ്രകാരം പദ്ധതി പൂർത്തീ കരിയ്ക്കുന്നതിന് കഴിയാത്ത സാഹചര്യം വന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ; | (ബി) അദാനി കമ്പനിയുമായി ഒരു കരാറിൽ മാത്രമേ ഏർപ്പെട്ടിട്ടുള്ളൂ. ഈ കരാർ പ്രകാരം പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണം 2019 ഡിസംബർ 3-ന് പൂർത്തികരിക്കാനാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ പുലിമുട്ട് നിർമ്മാണത്തിൽ നേരിടുന്ന കാലതാമസം പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തെ ബാധിച്ചിട്ടുണ്ടെന്ന് പദ്ധതിയുടെ Independent Engineer (IE) വിലയിരുത്തിയിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിന് ആവശ്യ മായ കരിങ്കല്ല് ലഭ്യമാക്കാൻ അദാനി കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിലാണ് കാലതാമസം നേരിടുന്നത്. പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് അദാനി കമ്പനിയുടെ ഉത്തരവാദിത്ത മാണ്. സ്വന്തമായി ക്വാറികൾ ആരംഭിച്ച് പാറ കണ്ടെത്തുന്നതിനുള്ള അദാനി കമ്പനിയുടെ ശ്രമങ്ങൾക്ക് ആവശ്യമായ സഹായം സർക്കാർ നൽകുന്നുണ്ട്. |
| (സി) പ്രസ്തുത പദ്ധതി എന്ന് കമ്മിഷൻ ചെയ്യുവാനാണ് ഉദ്ദേശിയ്ക്കുന്നത് എന്നറിയിക്കാമോ ? | (സി) കരാർ പ്രകാരം 2019 ഡിസംബർ 3 നാണ് ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി തുറമുഖം കമ്മീഷൻ ചെയ്യേണ്ടത്. എന്നാൽ നിശ്ചിത സമയത്ത് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ പ്രയാസമു ണ്ടെന്ന കാര്യം പദ്ധതിയുടെ Independent Engineer(IE) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അദാനി കമ്പനിയുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ കാലതാമസം പരമാവധി ഒഴിവാക്കി പ്രോജക്ട് പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ